(സി)	തിരുവനന്തപുരം	272
	കൊല്ലം	15
	ആലപ്പുഴ	18
	പത്തനംതിട്ട	41
	കോട്ടയം	21
	ഇടുക്കി	63
	എറണാകുളം	95
	തൃശ്ശൂർ	155
	പാലക്കാട്	107
	മലപ്പുറം	153
	കോഴിക്കോട്	3
	കണ്ണൂർ	74
	വയനാട്	(ഇല്ല)
	കാസർ ഗോട്	16
	ആകെ	1033

(ഡി) വിവരം ശേഖരിച്ചു വരുന്നു.

മുൻമന്ത്രിയുടെ യാത്രാബത്ത

152. [198] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റി ചെയർമാൻ എന്ന നിലയിൽ മുൻ ജലസേചന വകുപ്പുമന്ത്രി യാത്രാ ബത്ത വാങ്ങിയിരുന്നുവോ ?

(ബി) എങ്കിൽ എത്ര രൂപ വാങ്ങി ?

ഉത്തരം

(എ) വാങ്ങിയിരുന്നു.

(ബി) മൊത്തം 35,353.75 രൂപ വാങ്ങിയിട്ടുണ്ട്.

ഭൂഗർഭജലം കൃഷിക്കുപയുക്തമാക്കുവാൻ നടപടി

153. [199] ശ്രീ. ടി. എസ്. ജോൺ :
,, പി. സി. ജോർജ് :
,, സി. എഫ്. തോമസ് :
,, എം. വി. മാണി :
,, തോമസ് കല്ലംപള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരുടെ സഹകരണത്തോടെ ഭൂഗർഭജലം കൃഷിക്കുപയുക്തമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) സാമൂഹിക ജലസേചനപദ്ധതി 1986-87 സാമ്പത്തിക വർഷത്തിൽ ഗ്രാമ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. സാമൂഹ്യജലസേചനപദ്ധതി അനുസരിച്ച്.

(ബി) കർഷക സംഘങ്ങളിൽ നിന്നുള്ള അപേക്ഷകളും സ്വീകരിച്ച് വിശദമായ പഠനത്തിനുശേഷം ഈ പദ്ധതി നടപ്പാക്കാൻ വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

ചെറുകിട ജലസേചനപദ്ധതികളും

157. [200] ശ്രീ. കെ. പി. പ്രഭാകരൻ :
,, പി. കുമാരൻ :
,, എം. കെ. കേശവൻ :
,, വി. കെ. രാജൻ :
,, കെ. ടി. കുമാരൻ : താഴെ കാണുന്ന പ്രോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇൻവെസ്റ്റിഗേഷൻ പൂർത്തിയായ എത്ര ചെറുകിടജലസേചന പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ ബാക്കിയുണ്ട്; ഓരോ ജില്ലയിലും ഏതെല്ലാം പദ്ധതികൾ എന്നു വ്യക്തമാക്കുമോ ;

(ബി) നടപ്പാക്കാനിരിക്കുന്ന ഈ പദ്ധതികൾ എത്ര ഹെക്ടർ ഭൂമിക്ക് ജലസേചനം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ;

(സി) അവയ്ക്ക് മൊത്തം ചെലവാക്കേണ്ടിവരുന്ന തുകയെത്ര ?

ഉത്തരം

(എ) കോട്ടയം, കൊല്ലം, ഇടുക്കി, ആലപ്പുഴ, കണ്ണൂർ, പത്തനംതിട്ട എന്നീ ജില്ലകളൊഴിച്ച് ബാക്കി ജില്ലകളിൽ മൊത്തം 46 ചെറുകിട ജലസേചനപദ്ധതികൾക്ക് ഭരണാനുമതി ലഭിക്കാനുണ്ട്. അതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

(1) തിരുവനന്തപുരം ജില്ല

1. തരുവാ മുതൽ മൂണാട്ടുമുക്കു വരെ തെറ്റിയാർ തോടിന്റെ ഉദ്ധാരണ പണികൾ
2. മംഗലാപുരം പഞ്ചായത്തിൽ തുംപംപള്ളി തോടിൽ മുറിഞ്ഞ പാലം മുതൽ പോത്തൻകോട് വരെയുള്ള ഉദ്ധാരണപണികൾ
3. നാവായ്കുളം പഞ്ചായത്തിൽ കടവൂർതട്ട് പാലം, കുണ്ടമൻ കടവ് തോടും അതിന്റെ ശാഖകളുടെയും ഉദ്ധാരണപണികൾ.
4. മുദാക്കൽ പഞ്ചായത്തിലെ എളമ്പാ ഏലാതോടിന്റെ പുനരുദ്ധാരണ പണികൾ.
5. മുദാക്കൽ പഞ്ചായത്തിൽ കോടയത്തുകോണം വെട്ടി തുറമുഖി തോടിന്റെ പുനരുദ്ധാരണപണികൾ.

LIBRARY ARCHIVES Kerala Legislative Assembly